പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

25/6/2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4107

# മൃഗങ്ങളെ വളർത്തി ഉപജീവനം നടത്തുന്ന കർഷകർ

ചോദ്യം
**ശ്രീ.അബ്ദുൽ ഹമീദ് പി.:**

മറുപടി
**അഡ്വ .കെ.രാജു**
**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മൃഗങ്ങളെ വളർത്തി ഉപജീവനം നടത്തുന്ന കർഷകർക്ക് എന്തൊക്കെ ധനസഹായപദ്ധതികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ; | എ) | കന്നുകുട്ടികൾക്ക് ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിനായി പശുക്കുട്ടികളെ ദത്തെടുത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നിവ. ടി പദ്ധതികളുടെ കീഴിൽ എൻറോൾ ചെയ്ത കന്നുകുട്ടിയുടെ വളർച്ച അടിസ്ഥാനപ്പെടുത്തി ശാസ്ത്രീയമായ തീറ്റയുടെ ആവശ്യകത കണക്കാക്കി ആ തീറ്റ സബ്സിഡി നിരക്കിൽ നൽകിയും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയും ശാസ്ത്രീയ പരിരക്ഷ ഉറപ്പാക്കുന്നു. ഒരു പശുക്കുട്ടിക്ക് 12,500/- രൂപ സബ്സിഡി ലഭിക്കും. രണ്ട് പദ്ധതികളിലുമായി ഈ വർഷം ആകെ 35070 കന്നുകുട്ടികളെ എൻറോൾ ചെയ്തു. കൂടാതെ കഴിഞ്ഞ വർഷം എൻറോൾ ചെയ്ത 73538 കന്നുകുട്ടികൾക്ക് രണ്ടാം വർഷം സഹായം ലഭിക്കുന്നു. കൂടാതെ ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ 60000 പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. പ്രകൃതി ദുരന്തം, വന്യമൃഗങ്ങളുടെ ആക്രമണം, ലിസ്റ്റ് ചെയ്ത രോഗങ്ങൾ എന്നിവ മൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ സർക്കാർ സഹായം നൽകുന്നു. മറ്റ് സ്രോതസ്സുകളിൽ നിന്നും നഷ്ടപരിഹാരം ലഭിക്കാത്ത കർഷകർ, ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത കർഷകർ തുടങ്ങിയവർക്കാണ് ആനുകൂല്യം ലഭിക്കുക.<br><br>കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണവകുപ്പ് മുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ചാണകക്കുഴി നിർമ്മിക്കുന്നതിന് സഹായം, മിനറൽ മിക്സ്ച്ചർ, വിരമരുന്ന് എന്നിവയുടെ |

| | | | |
|---|---|---|---|
| | | | വിതരണം തുടങ്ങിയ സഹായങ്ങളും മൃഗസംരക്ഷണ വകുപ്പ് കർഷകർക്ക് ലഭ്യമാക്കുന്നു<br><br>നാടൻ പശുക്കൾക്ക് 10,000/- രൂപ ധനസഹായം. വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300 ഓളം കർഷകർക്ക് ഒരു വർഷം ഒറ്റത്തവണ ധനസഹായമായി പതിനായിരം രൂപ വിവിധ പദ്ധതികളായി കെ.എൽ.ഡി.ബോർഡ് നൽകി വരുന്നു.<br><br>കുടുംബശ്രീ – തീറ്റപ്പുൽ കൃഷി<br>പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നല്ലയിനം പച്ചപ്പുല്ല് പശുക്കൾക്ക് നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. നല്ലയിനം തീറ്റപ്പുൽ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകർക്ക് പ്രോൽസാഹനം നൽകുന്നതിനായി വിവിധ പദ്ധതികൾ കെ.എൽ.ഡി.ബോർഡ് നടപ്പിലാക്കി വരുന്നു.<br>കുടുംബശ്രീ യൂണിറ്റുകൾ മുഖേന തീറ്റപ്പുൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഏക്കറൊന്നിന് പതിനാറായിരം (16,000/-) രൂപ വരെ ധനസഹായം നൽകുന്നു. കൂടാതെ കർഷകർക്ക് പരിശീലനവും നടീൽ വസ്തുക്കളും ഈ പദ്ധതിയിലൂടെ സൗജന്യമായി നൽകുന്നു.<br>സംസ്ഥാനത്തിന് അനുയോജ്യമായ തീറ്റപ്പുൽ ഇനങ്ങളുടെ വിത്തുകൾ വാങ്ങി, ഗുണപരിശോധനകൾ നടത്തി ക്ഷീരവികസന വകുപ്പ്, പാൽ സൊസൈറ്റികൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവ മുഖേന കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു വരുന്നു. കർഷകരുടെയും വിവിധ ഏജൻസികളുടെയും കൈവശമുള്ള കൃഷിയിടങ്ങൾ തെരഞ്ഞെടുത്ത്, ഒരേക്കർ വീതമുള്ള പുൽകൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 75000/- രൂപാ വരെ യൂണിറ്റൊന്നിന് ധനസഹായം നൽകി വരുന്നു.<br>ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 2018-19 വർഷത്തിൽ 107.53 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>• ക്ഷീരകർഷക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ<br>• ക്ഷീര സംഘങ്ങൾക്കുള്ള ധന സഹായം<br>• പാൽ ഗുണനിയന്ത്രണ പ്രവർത്ത നങ്ങൾ<br>• മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി<br>• ഡെയറി സോൺ<br>• ക്ഷീരഗ്രാമം |

| | | | |
|---|---|---|---|
| | | | • കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി<br>• തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>• കിടാരി പാർക്ക്<br>• കാറ്റിൽഫീഡിംഗ് സബ്സിഡി. |
| ബി) | അപകടങ്ങളിൽപ്പെട്ടും അല്ലാതെയും കാലികൾ മരണമടഞ്ഞ് നഷ്ടം നേരിടുന്ന കർഷകർക്ക് സർക്കാരിൽ നിന്നും ലഭ്യമാകുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | ബി) | മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യപ്പെട്ട ഉരുക്കൾ അപകടത്തിൽപ്പെട്ടും, അല്ലാതെയും മരണമടഞ്ഞാൽ ഇൻഷ്വറൻസ് ധനസഹായം നൽകി വരുന്നു.<br>മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്ത നിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും കന്നുകാലികളിൽ പ്രകൃതിക്ഷോഭം, വന്യമൃഗങ്ങളുടെ ആക്രമണം, സൂര്യാഘാതം, പേവിഷബാധ, ആന്ത്രാക്സ്, പക്ഷിപ്പനി, ആടുവസന്ത എന്നിവ മൂലമുണ്ടാകുന്ന മരണങ്ങൾക്കും ധനസഹായം നൽകി വരുന്നു. 2017-18 വർഷത്തിൽ 160 ലക്ഷം രൂപ ഈ ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്തു. 2018-19 ൽ 140 ലക്ഷം രൂപ ഈയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.<br>ക്ഷീരവികസന വകുപ്പിൽ നിന്നും അപകടങ്ങളിൽപ്പെട്ടും അല്ലാതെയും കാലികൾ മരണമടഞ്ഞ് നഷ്ടം നേരിടുന്ന കർഷകർക്ക് കണ്ടിജൻസി ഫണ്ടായി 10,000/- രൂപ നൽകുന്നുണ്ട്. |
| സി) | മൃഗസംരക്ഷണമേഖല പരമാവധി പ്രയോജനപ്പെടുത്തി ദാരിദ്ര്യനിർമ്മാർജ്ജനവും സ്വയം തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | സി) | മൃഗസംരക്ഷണ മേഖലയിലെ സംരംഭകർക്ക് മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 8 പരിശീലന കേന്ദ്രങ്ങൾ വഴിയും ഫീൽഡ്തല സ്ഥാപനങ്ങൾ വഴിയും സംരംഭകത്വ വികസന പരിശീലനം നൽകി വരുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനവും സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി ക്ഷീരവികസന വകുപ്പ് പ്രധാനമായും താഴെപറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി<br>2. ഡെയറി സോൺ<br>3. ക്ഷീരഗ്രാമം<br>4. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി<br>5. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>6. കിടാരി പാർക്ക്<br>7. കാറ്റിൽഫീഡിംഗ് സബ്സിഡി. |

**സെക്ഷൻ ഓഫീസർ**